# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in


## സാന്നിദ്ധ്യം

| | | |
|---|---|---|
| സന്ധ്യാ ദിവാകർ | : | അദ്ധ്യക്ഷ |
| ബുഷറ. വി | : | അംഗം (ലൈസൻസി) |
| ഫ്രാൻസിസ്. എ. സി | : | അംഗം (നിയമം) |

**ഒ.പി. നം. 13/2025-26**

**പരാതിക്കാരി :**

**1. ശ്രീമതി. ജ്യോതിലക്ഷ്മി, D/o ബാലൻ,പക്കുവീട്ടിൽ ഹൗസ്, വെസ്റ്റ് ഹിൽ, കോഴിക്കോട്.**

**എതിർകക്ഷികൾ :**

1. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
   **ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെസ്റ്റ് ഹിൽ,**
   **കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്-ജില്ല.**

2. **അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,**
   **വെസ്റ്റ് ഹിൽ, കെ.എസ്.ഇ.ബി ലിമിറ്റഡ്,**
   **കോഴിക്കോട്- ജില്ല.**

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം:-

പരാതിക്കാരി ശ്രീമതി.ജ്യോതിലക്ഷ്മി, D/o ബാലൻ, പക്കുവീട്ടിൽ ഹൗസ്, വെസ്റ്റ്ഹിൽ, കോഴിക്കോട്, തങ്ങളുടെ വസ്തുവിൽ തങ്ങളുടെ സമ്മതമില്ലാതെ ഇലക്ട്രിസിറ്റി ബോർഡ് (വെസ്റ്റ് ഹിൽ ഇല.സെക്ഷൻ) ഒരു മീറ്റർ സ്ഥാപിച്ച് പുതിയ കണക്ഷൻ നൽകിയിരിക്കുന്നു എന്ന പരാതിയാണ് ഫോറത്തിന് മുമ്പാകെ ബോധിപ്പിക്കുന്നത്.

## പരാതിക്കാരിയുടെ വാദം :-

കോഴിക്കോട് കച്ചേരി വില്ലേജിൽ പക്കുവീട്ടിൽ ഹൗസിൽ താമസിച്ചുവരുന്ന പരാതിക്കാരിയും കുടുംബവും , തങ്ങളുടെ വീടിനോട് ചേർന്ന് തന്റെ പിതാവ് ബാലന് ഉടമസ്ഥപ്പെട്ട സ്ഥലത്തിൽ കാലങ്ങളായി പൂജകൾ നടത്തിവരുന്ന കുടുംബകാവ് ഉണ്ടെന്നും ആയത് 4 1/2 സെന്റ് ഉള്ളതും നികുതി അടച്ച് കൈവശം വച്ചുവരുന്നതുമാണ് എന്നും ആമുഖമായി അറിയിക്കുന്നു.

തങ്ങളുടെ അയൽവാസികളായ സോമൻ, ദയൻ, ശശിധരൻ, ബാലകൃഷ്ണൻ തുടങ്ങിയവർ പല തവണ തങ്ങളുടെ വീട്ടിലും കാവിലും അതിക്രമിച്ച് കയറുകയും പരാതിക്കാരിയെയും ഭിന്നശേഷിക്കാരനായ സഹോദരനെയും ഭർത്താവിനെയും മർദ്ദിക്കുകയും അസഭ്യം വിളിച്ചു പറയുകയും പതിവാണ് എന്നും ആ കാര്യത്തെക്കുറിച്ച് വെള്ളയിൽ പോലീസ് സ്റ്റേഷനിൽ പരാതി നിലവിലുണ്ട് എന്നും മാത്രവുമല്ല, പ്രതികൾ വസ്തു കൈയേറുന്നതിനെതിരെ കോഴിക്കോട് മുൻസിഫ് കോടതി -I (A)-യിൽ O.S. 333/2023 നമ്പറായി കേസ് കൊടുത്തത് നിലവിലുണ്ട് എന്ന് തുടർന്ന് അറിയിക്കുന്നു. കാവിലെ ഉത്സവസമയത്ത് മറ്റ് പ്രദേശവാസികൾ സഹകരിക്കാറുള്ളതും ഉത്സവത്തിൽ പങ്കെടുക്കുന്നത് തടസപ്പെടുത്താറില്ലാത്തതുമാണ്. അങ്ങനെയിരിക്കെ കഴിഞ്ഞ മാസം

ഉത്സവത്തിന് മുമ്പായി ഇലക്ട്രിസിറ്റി ബോർഡിലെ ചില ഉദ്യോഗസ്ഥർ തങ്ങളുടെ വസ്തുവിൽ വരികയും അവിടെ മീറ്റർ (നമ്പർ :29022) സ്ഥാപിച്ച് പുതിയ കണക്ഷൻ കൊടുക്കുകയും ചെയ്തിരിക്കുന്നു. തങ്ങളുടെ വസ്തുവിൽ തങ്ങളുടെ അനുവാദമില്ലാതെയാണ് ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥർ പുതിയ കണക്ഷൻ കൊടുത്തത്. ആയത് തികച്ചും നിയമവിരുദ്ധവും കൈയേറ്റവുമാണ്. തന്റെ വസ്തുവിൽ കൈയേറാനോ തന്റെ സമ്മതമില്ലാതെ ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുവാനോ ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർക് യാതൊരു അധികാരവുമില്ലാത്തതാകുന്നു. എന്ന് പരാതിക്കാരി അറിയിക്കുന്നു. പ്രതികളുടെ സ്വാധീനത്തിന് വഴങ്ങിയാണ് ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർ ഇത്തരത്തിൽ പ്രവർത്തിച്ചിട്ടുള്ളത് എന്ന് പരാതിക്കാരി അനുമാനിക്കുന്നു.

ആയതുകൊണ്ട് തന്റെ അനുവാദമില്ലാതെ തന്റെ വസ്തുവിൽ കൈയേറി പ്രവേശിച്ച് സ്ഥാപിച്ച ഇലക്ട്രിസിറ്റി മീറ്ററും കണക്ഷനും വിച്ഛേദിച്ചുതരണമെന്ന് ഫോറത്തിനോട് അപേക്ഷിക്കുന്നു.

<u>എതിർകക്ഷിയുടെ വാദം :-</u>

പരാതിക്കാരി ഉന്നയിച്ച പരാതി വാസ്തവ വിരുദ്ധവും അംഗീകരിക്കാൻ സാധിക്കാത്തതുമാകുന്നു എന്ന് എതിർകക്ഷി വ്യക്തമാക്കുന്നു. പരാതിക്കാരി പരാതിയിൽ ഉന്നയിച്ച സർവീസ് കണക്ഷൻ ആയ 1166040029022 വൈദ്യുതി കണക്ഷൻ 14/02/2025 തീയ്യതിയിൽ വെസ്റ്റ്ഹിൽ സെക്ഷനിൽ നിന്നും എല്ലാ വിധ നടപടിക്രമങ്ങളും പാലിച്ചിട്ടാണ് നൽകിയിട്ടുള്ളതെന്നും മേൽ സർവ്വീസ് കണക്ഷൻ പക്കുവീട്ടിൽ ശ്രീ ഭഗവതിക്ഷേത്ര കുടുംബ ട്രസ്റ്റിൽ ഉൾപ്പെട്ട സോമൻ എന്നവർക്ക് മറ്റ് ട്രസ്റ്റി മെമ്പർമാരുടെ സമ്മതപ്രകാരവും ആവശ്യമായ രേഖകൾ ഹാജരാക്കിയതിൻ പ്രകാരവും, വില്ലേജ് ഓഫീസിൽ നിന്നും ഹാജരാക്കിയ രേഖ പ്രകാരവും ക്ഷേത്ര ആവശ്യങ്ങൾക്കായി LT6A താരിഫിൽ 1850 വാട്ട്സ് കണക്ടഡ് ലോഡോഡ് കൂടി വെസ്റ്റ്ഹിൽ റെയിൽവേ സ്റ്റേഷനു സമീപമായി NR 38/1 ഇലക്ട്രിക്ക് പോസ്റ്റിൽ നിന്നും കൊടുത്തിട്ടുള്ള LT സിംഗിൾ ഫേസ് കണക്ഷൻ ആണ്

എന്നും എതിർകക്ഷി കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ മേൽ സർവീസ് കണക്ഷൻ ലഭിക്കേണ്ടതിലേക്കായി ശ്രീ.സോമൻ എന്നവർ സമർപ്പിച്ച രേഖകൾ ഇതോടൊപ്പം എതിർകക്ഷി ഹാജരാക്കുന്നു.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേസ് തള്ളികളയാൻ ബഹുമാനപ്പെട്ട ഫോറത്തോട് എതിർകക്ഷി അഭ്യർത്ഥിക്കുന്നു.

<u>ഫോറത്തിന്റെ ഹിയറിംഗ് നടപടി ക്രമങ്ങളുടെ സംഗ്രഹം:-</u>

തുടർന്ന് 15.05.25 ന് രാവിലെ കോഴിക്കോട് സി.ജി.ആർ.എഫ് കോർട്ട് ഹാളിൽ വച്ച് നടന്ന ഹിയറിംഗിൽ ഇരു കക്ഷികളും സന്നിഹിതരായിരുന്നു.

വർഷങ്ങൾക്കു മുമ്പ് അച്ഛന്റെ പേരിലുള്ള ആധാരം നഷ്ടപ്പെട്ടുവെന്നും ഉടമസ്ഥാവകാശം സംബന്ധിച്ച് മുൻസിഫ് കോടതിയിൽ കേസ് ഉണ്ട് എന്നും ടി അന്യായത്തിന്റെ പകർപ്പ് (ExbP1) സമർപ്പിച്ചുകൊണ്ട് പരാതിക്കാരി ബോധിപ്പിച്ചു. തന്റെ സഹോദരങ്ങളിൽ ഒരു ജ്യേഷ്ഠൻ ഭിന്നശേഷിക്കാരൻ ആണെന്നും മരിച്ചുപോയ ചേട്ടനും ചേച്ചിക്കും അനന്തരാവകാശികൾ ഇല്ലെന്നും പരാതിക്കാരി തുടർന്ന് അറിയിച്ചു.

പ്രസ്തുത കണക്ഷൻ നൽകുന്നതിനായി Posession Certificate/ Ownership Certificate ഉപഭോക്താവ് ഹാജരാക്കിയിട്ടില്ലെന്നും, അമ്പലത്തിന്റെ കാര്യമായതിനാൽ ട്രസ്റ്റിന്റെ മറ്റു ഭാരവാഹികളുടെ സമ്മതപത്ര പ്രകാരവും (Exb R2), വില്ലേജ് ഓഫീസിൽ നിന്നുള്ള സാക്ഷ്യപത്രം (Exb R1) പ്രകാരവും ആണ് സർവീസ് കണക്ഷൻ നൽകിയതെന്നും എതിർകക്ഷി വാദിച്ചു. ടി കണക്ഷനെ സംബന്ധിച്ച് ഉപഭോക്താവിൽ നിന്ന് 200 രൂപയുടെ കേരള ഗവ. സ്റ്റാംപ് പേപ്പറിൽ Undertaking (ExbR3) എഴുതി വാങ്ങിയിട്ടുണ്ട് എന്നും എതിർകക്ഷി തുടർന്ന് അറിയിച്ചു.

## വിശകലനവും കണ്ടെത്തലുകളും:-

പരാതിക്കാരിയേയും എതിർകക്ഷികളേയും കേട്ടതിൽ നിന്നും, ഇരുഭാഗവും ഹാജരാക്കിയ തെളിവുകൾ പരിശോധിച്ചതിൽ നിന്നും, ഫോറം താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു.

- പരാതിക്കാരിയുടെ പ്രധാനപരാതി തന്റെ അറിവോ സമ്മതമോ ഇല്ലാതെ എതിർകക്ഷികളും, തൊട്ടടുത്തുള്ള ക്ഷേത്രവുമായി ബന്ധപ്പെട്ട വ്യക്തികളും തന്റെ സ്ഥലത്ത് അതിക്രമിച്ച് കയറി ക്ഷേത്രത്തിനുവേണ്ടിയെന്ന വ്യാജേന പുതുതായി ഒരു മീറ്റർ സ്ഥാപിച്ച് 1166040029022 എന്ന കൺസ്യൂമർ നമ്പറിൽ ഒരു പുതിയ വൈദ്യുതി കണക്ഷൻ നൽകിയെന്ന ആരോപണം സ്ഥാപിക്കേണ്ടതിലേക്ക് ആധാരമോ, നികുതി രശീതുകളോ, കൈവശാവകാശ രേഖകളോ നൽകാതെ, തന്റെ സ്ഥലത്തേക്ക് വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർ അതിക്രമിച്ചുകയറി എന്ന് ആരോപിക്കുക മാത്രമാണ് പരാതിക്കാരി ചെയ്തിരിക്കുന്നത്,
- എതിർകക്ഷികൾക്കും, വൈദ്യുതി ബന്ധം നൽകേണ്ടതിലേക്കാവശ്യമായ വ്യക്തമായരേഖകൾ, ക്ഷേത്രവുമായി ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും വാങ്ങി എന്നു കാണിക്കുവാൻ മതിയായ രേഖകൾ ഫോറത്തിനു മുമ്പാകെ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഒരു സോമൻ എന്ന ആൾ നൽകിയ അവ്യക്തമായ ഒരു സത്യവാങ് മൂലത്തിന്റെയും അദ്ദേഹത്തിന്റെ ആധാർ കാർഡ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് വൈദ്യുതി കണക്ഷൻ നൽകിയതെന്ന് എതിർകക്ഷി പറയുന്നു.
- പരാതിക്കാരി സമർപ്പിച്ച രേഖകളിൽ കോഴിക്കോട് ഒന്നാം നമ്പർ അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെ നിലവിലുള്ളതായി പറയുന്ന

ഒ.എസ്.333/23 നമ്പർ അന്യായത്തിന്റെ പകർപ്പ് പരിശോധിച്ചതിൽ ആയതിൽ മേപ്പടി സോമൻ ഒന്നാം നമ്പർ എതിർകക്ഷിയാണെന്നു കാണുന്നു അന്യായപ്പട്ടിക വസ്തുവിലുള്ള തന്റെ സ്ഥലത്തിന്മേൽ തനിക്കു മാത്രമാണ് അവകാശമെന്ന് സ്ഥാപിച്ച കിട്ടേണ്ടതിലേക്കായാണ് കോടതിയിൽ അന്യായം ഫയൽ ചെയ്തത്. ആയതിന്മേൽ (ടി കേസിലെ ) എതിർകക്ഷികൾക്കെതിരെ യാതൊരു സ്റ്റേയോ, ഇഞ്ചങ്ഷനോ നിലവിലില്ല എന്നും കാണുന്നു.

- ഈ സാഹചര്യത്തിൽ ആരോപിക്കപ്പെട്ട സംഭവം എതിർകക്ഷികൾ ചെയ്തു എന്ന് തെളിയിക്കുവാൻ പരാതിക്കാരിക്ക് കഴിഞ്ഞിട്ടില്ല. ടി സ്ഥലം തന്റേതാണെന്ന് സ്ഥാപിച്ച കിട്ടുവാൻ , പരാതിക്കാരി സിവിൽ കോടതിയിൽ അന്യായം ബോധിപ്പിച്ചത് ബഹു.കോഴിക്കോട് അഡിഷണൽ മുൻസിഫ് കോടതി I മുമ്പാകെ നിലനിൽക്കുന്നതുമാണ്. ആയതിനാൽ തന്നെ അതിക്രമിച്ചുകയറി എന്നത് പരാതിക്കാരിയുടെ അറിവോ, സമ്മതമോ വൈദ്യുതി ബന്ധം നൽകുന്നതിന് ചോദിക്കേണ്ടതുണ്ടായിരുന്നോ എന്നും ഈ ഘട്ടത്തിൽ, ഈ ഫോറത്തിന് തീരുമാനിക്കാനാകില്ല.

- എന്നാൽ ടി സർവ്വീസ് കണക്ഷൻ നൽകിയതിനെക്കുറിച്ച് പരാതി വന്നതിനാലും, possession/ ownership certificate ഉപഭോക്താവ് സമർപ്പിച്ചിട്ടില്ലാത്തതിനാലും, പ്രസ്തുത കണക്ഷൻ നിലനിർത്തണമോ എന്നത് എതിർകക്ഷി പരിശോധിക്കേണ്ടതും അത് ഫോറത്തിനെ ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ അറിയിക്കേണ്ടതുമാകുന്നു

<u>ഉത്തരവ് :-</u>

മേൽ പരാമർശിച്ച അവലോകനങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ, ഇക്കാര്യത്തിൽ ഈ ഫോറത്തിന് ഇടപെടാനാവില്ല എന്നതിനാൽ പരാതി , തള്ളി തീർപ്പാക്കുന്നു.

*രണ്ടായിരത്തി ഇരുപത്തി അഞ്ചാമാണ്ട് മെയ് മാസം 15-)o തിയ്യതി.*

| Sd/- | Sd/- | Sd/- |
|---|---|---|
| ഫ്രാൻസിസ്. എ. സി, | ബുഷറ. വി | സന്ധ്യാ ദിവാകർ |
| അംഗം (നിയമം) | അംഗം (ലൈസൻസി) | അദ്ധ്യക്ഷ |

Endt.on CGRF-NR/OP 13/2025-26/74 21/05 /2025

അയയ്ക്കുന്നത്:

1. ശ്രീമതി. ജ്യോതിലക്ഷ്മി
   D/o ബാലൻ,
   പക്കുവീട്ടിൽ ഹൗസ് ,
   വെസ്റ്റ് ഹിൽ
   കോഴിക്കോട്
   (സ്പീഡ് പോസ്റ്റ് മുഖാന്തരം)

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.
സംസ്ഥാന ഇലക്ട്രിസിറ്റി , ഓംബുഡ്സ്മാൻ, പാലക്കാട്.
ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ,
ഗാന്ധി സ്ക്വയറിന് സമീപം,
എറണാകുളം, കേരള- 682016. ( ഫോൺ 0484- 2346488)

2. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
   വെസ്റ്റ് ഹിൽ
   കോഴിക്കോട്

3. അസിസ്റ്റൻറ് എഞ്ചിനീയർ,
   ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി
   വെസ്റ്റ് ഹിൽ
   കോഴിക്കോട്

പകർപ്പ് സമർപ്പണം :

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
   വൈദ്യുതിഭവനം,തിരുവനന്തപുരം.

2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
   ടാക്ക്, വൈദ്യുതിഭവനം,
   തിരുവനന്തപുരം.
   (ഇമെയിൽ മുഖാന്തരം)

Forwarded

**Sd/-**

**Chairperson**